"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചിരുന്ന ക്ലർക്ക്, ശ്രീ.നൈജോ കെ വി OA (EKM) 1508/2024 നമ്പരായി ഫയൽ ചെയ്തിട്ടുള്ള കേസിലെ 15/11/2024 തീയതിയായുള്ള ബഹു കോടതിവിധി നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.705/2025/LSGD** **തീയതി, തിരുവനന്തപുരം, 17-03-2025**

---

പരാമർശം:- 1. 07/06/2024-ലെ LSGD-ERA1/7/2024-LSGD Part (1) നമ്പർ കത്ത്.

2. 18/07/2024-ലെ സ.ഉ.(സാധാ) നം.1296/2024/LSGD
3. 14/08/2024-ലെ LSGD-ERA1/7/2024-LSGD നമ്പർ കത്ത്.
4. കൃഷി ഡയറക്ടറുടെ 26/09/2024-ലെ ADFW/11673/2023-SA4 നമ്പർ കത്ത്.
5. 08/11/2024-ലെ സ.ഉ. (സാധാ) നം 2140/2024/LSGD
6. 13/11/2024 -ലെ ശ്രീ നൈജോ കെ വി -യുടെ അപ്പീൽ അപേക്ഷ.
7. ശ്രീ. നൈജോ കെ വി, OA (EKM) 1508/2024 നമ്പരായി ഫയൽ ചെയ്ത കേസിലെ 15/11/2024 തീയതിയായുള്ള ബഹു കോടതിവിധി.
8. 17/01/2025-ലെ LSGD-ERA1/127/2024-LSGD നമ്പർ കത്ത്.
9. പ്രിൻസിപ്പൽ ഡയറക്ടറുടെ 23/01/2025-ലെ LSGD/PD/9749/2024-DEH4 നമ്പർ കത്ത്.
10. കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/01/2025-ലെ SC4-330/25 നമ്പർ സാക്ഷ്യപത്രം.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ നൈജോ കെ വി-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം വകുപ്പ് മേധാവി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദീർഘകാലമായി (11 വർഷം) കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസത്തിൽ തുടരുന്ന ടിയാനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും ടിയാന് പകരം ക്ലർക്കിനെ പുനർവിന്യസിക്കുന്നതിനായി വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (5) പ്രകാരം ഉത്തരവാകുകയുമുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ടിയാൻ പരാമർശം (6) പ്രകാരം അപ്പീൽ സമർപ്പിക്കുകയും ഇതേ ആവശ്യവുമായി OA (EKM) 1508/2024 നമ്പരായി ബഹു ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ടി

കേസിൽ ബഹു കോടതി 15/11/2024 തീയതിയായി ചുവടെ ചേർക്കും പ്രകാരം വിധി പ്രഖ്യാപിക്കുകയും ചെയ്തു.

**" .......Considering the pleadings in the Original Application, the 1st Respondent is directed to consider Annexure A6 preferred by the Applicant against Annexure A5 and pass orders thereon within a period of four months from the date of receipt of a copy of this order. It is made clear that till final orders are passed on Annexure A6, Annexure A5 proceedings will be kept in abeyance. It is further made clear that the applicant will be heard before passing final orders on Annexure A6 representation.**

**The Original Application is disposed of with the above direction."**

ബഹു. കോടതിവിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറേറ്റിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 24/01/2025 -ന് ആവലാതിക്കാരനെ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു.

താൻ പുനർവിന്യാസം വഴി കൃഷി വകുപ്പിൽ നിന്ന് കാലടി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായി 11 വർഷമായി ജോലിചെയ്ത് വരികയാണെന്നും തന്റെ മകൻ ഒരു ഹാർട്ട് പേഷ്യന്റ് ആണെന്നും, അവന് ഓപ്പൺ സർജറി ചെയ്തിട്ടുള്ളതാണ് എന്നും, അവന് ഇടയ്ക്ക് ഫിറ്റ്സ് പോലുള്ള അവസ്ഥ വരികയും പല ദിവസങ്ങളിലും പഞ്ചായത്ത് ഓഫീസിൽ നിന്നും ഹോസ്പിറ്റലിൽ കൊണ്ടുപോകേണ്ടതായി വരാറുണ്ട് എന്നും, കൂടാതെ പ്രായാധിക്യത്താൽ അവശത അനുഭവിക്കുന്ന അമ്മയ്ക്ക് താൻ മാത്രമാണ് ഏക ആശ്രയം എന്നും, 2015-ൽ തന്നെ കൃഷി വകുപ്പിലേക്ക് തിരിച്ച് വിളിച്ച് ഉത്തരവായിരുന്നു എങ്കിലും തന്റെ മകന്റെയും അമ്മയുടെയും അവശതകൾ പരിഗണിച്ച് കൃഷി വകുപ്പ് ഡയറക്ടർ കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ തുടരുന്നതിന് അനുമതി നൽകിയിരുന്നു എന്നും, പ്രൊമോഷനായി ദൂരേക്ക് പോകേണ്ടിവരും എന്നതിനാൽ താൻ പ്രൊമോഷൻ വേണ്ട എന്ന് എഴുതി കൊടുത്തിരിക്കുകയാണ് എന്നും, ഇത്രയും വർഷത്തെ സേവനത്തിൽ തനിക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നോ പഞ്ചായത്തിൽ നിന്നോ യാതൊരുവിധ പരാതിയും വന്നിട്ടുള്ളതല്ല എന്നും, ഒരു ഡിപ്പാർട്ട്മെന്റൽ നടപടിയും തനിക്കെതിരെ കൈകൊണ്ടിട്ടില്ല എന്നും, തനിക്കെതിരെയുള്ള വ്യക്തിവൈരാഗ്യം മൂലം കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അടിസ്ഥാനരഹിതമായ പരാതിയാണ് ഉന്നയിച്ചിരിക്കുന്നത് എന്നും സൂചിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമികാന്വേഷണമോ തന്റെ ഭാഗം കേൾക്കുകയോ ചെയ്യാതെയാണ് തന്നെ കൃഷി വകുപ്പിലേക്ക് തിരികെ വിളിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നും, പരാതിക്കാരൻ ഹിയറിങ് വേളയിൽ ഉന്നയിച്ചു. തന്റെ അമ്മയുടെയും, മകന്റെയും അവശതകൾ പരിഗണിച്ചുകൊണ്ടും, ഇത്രയും വർഷത്തെ തന്റെ കറയറ്റ സർവ്വീസും, പരിഗണിച്ചുകൊണ്ട് കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസത്തിൽ തുടരുന്നതിന് അനുമതി നൽകണമെന്നും അപേക്ഷിച്ചു. അല്ലാത്തപക്ഷം നിലവിൽ ഒഴിവുള്ളതും, അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിലേക്ക് പരിഗണിയ്ക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെടുകയുണ്ടായി.

പരാതിക്കാരനെതിരെ നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും ഏല്പിച്ചിരിക്കുന്ന ജോലി കൃത്യമായി നിർവഹിക്കുന്ന ആളാണെന്നും, ആവശ്യമില്ലാതെ ലീവുകൾ ഒന്നും എടുക്കാറില്ലെന്നും പരാമർശം (10) പ്രകാരം കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപെടുത്തിയിരിക്കുന്നു. പരാതിക്കാരൻ ജോലി ചെയ്യുന്ന ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ പരാതിക്കാരന്റെ കൃത്യനിർവഹണത്തിൽ അപാകത ഉള്ളതായി അറിയിച്ചിട്ടില്ല. പരാതിക്കാരനെ നേരിൽ കേട്ടതിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ് ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണെന്നും മനസ്സിലാക്കുന്നു.

നിലവിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരിൽ 31.05.2024 തീയതിയിൽ നിലവിലെ ഓഫീസിൽ 3 വർഷം പൂർത്തിയാക്കിയവരെ അവരിപ്പോൾ ജോലി ചെയ്യുന്ന ഓഫീസിനോട് അടുത്തുള്ളതോ അവർ opt ചെയ്തിട്ടുള്ളതോ ആയ എന്നാൽ അധിക ജോലി ഭാരമുള്ള ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിനുള്ള നടപടികൾക്കായി പരാമർശം (1) പ്രകാരം വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിക്കാരൻ കാലടി ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷത്തിലധികമായി തുടരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ സ്ഥലംമാറ്റേണ്ടതുള്ളതിനാൽ Annexure A5 സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലടി ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ ക്ലർക്കായി തുടർന്നു വരുന്ന ശ്രീ നൈജോ കെ വി-യ്ക്ക് ടിയാന്റെ പ്രായമായ അമ്മയുടെയും, മകന്റെയും രോഗാവസ്ഥ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകിക്കൊണ്ട് ടിയാന്റെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒഴിവുള്ളതും, അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലേക്ക് പുനർവിന്യാസ സ്ഥലമാറ്റം നൽകിക്കൊണ്ടും OA (EKM) 1508/2024 നമ്പരായി പരാതിക്കാരൻ ഫയൽ ചെയ്ത കേസിലെ 15/11/2024 തീയതിയായുള്ള ബഹു കോടതിവിധി നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ റ്റി വി**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീ. നൈജോ കെ വി, ക്ലർക്ക്, കാലടി ഗ്രാമപഞ്ചായത്ത്.(കൃഷി ഡയറക്ടർ മുഖേന)

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്.

സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/127/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 17-03-2025 16:30:36
സെക്ഷൻ ഓഫീസർ